**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4837** **02-07-2024 - ൽ മറുപടിയ്ക്ക്**

**പട്ടിക ജാതി വകുപ്പിന് കീഴിലുള്ള ഐ.റ്റി.ഐ. നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ജില്ലയിൽ എവിടെയെല്ലാമാണ് പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ഐ.റ്റി.ഐ.കൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കോട്ടയം ജില്ലയിൽ നെടുങ്കാവ് വയൽ, കുറിച്ചി, മാടപ്പള്ളി, മധുരവേലി എന്നീ നാല് ഐ.റ്റി.ഐ.കളാണ് പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നത്. നെടുങ്കാവ് വയൽ ഐ.റ്റി.ഐ.യിൽ ദ്വിവത്സര ട്രേഡായ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, കുറിച്ചി ഐ.റ്റി.ഐ.യിൽ ദ്വിവത്സര ട്രേഡായ ഇലക്ട്രീഷൻ, മാടപ്പള്ളി, മധുരവേലി എന്നീ ഐ.റ്റി.ഐ.കളിൽ ഏകവത്സര ട്രേഡായ വുഡ് വർക്ക് ടെക്നീഷ്യൻ എന്നിവയാണ് നിലവിലുള്ളത്. |
| (ബി) | പ്രസ്തുത ഐ.റ്റി.ഐ. കളിൽ ഏതെല്ലാം കോഴ്സുകളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ; | (ബി) | കോട്ടയം ജില്ലയിൽ നെടുങ്കാവ് വയൽ, കുറിച്ചി, മാടപ്പള്ളി, മധുരവേലി എന്നീ നാല് ഐ.റ്റി.ഐ.കളാണ് പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നത്. നെടുങ്കാവ് വയൽ ഐ.റ്റി.ഐ.യിൽ ദ്വിവത്സര ട്രേഡായ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, കുറിച്ചി ഐ.റ്റി.ഐ.യിൽ ദ്വിവത്സര ട്രേഡായ ഇലക്ട്രീഷൻ, മാടപ്പള്ളി, മധുരവേലി എന്നീ ഐ.റ്റി.ഐ.കളിൽ ഏകവത്സര ട്രേഡായ വുഡ് വർക്ക് ടെക്നീഷ്യൻ എന്നിവയാണ് നിലവിലുള്ളത്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രസ്തുത ഐ.റ്റി.ഐ. കളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കുറിച്ചി ഐ.റ്റി.ഐയുടെ ചുറ്റുമതിലിന്റെ പുനർനിർമ്മാണം നടത്തുകയും, ഹോസ്റ്റൽ കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷൻ അറ്റകുറ്റപണികൾ പൂർത്തീകരിക്കുകയും, കിണൽ വെള്ളം സുഗമമായി ഉപയോഗിക്കുന്നതിന് മോട്ടർ കണക്ഷൻ, വാട്ടർ ടാങ്ക്, പൈപ്പ് കണക്ഷൻ എന്നിവ പൊതുമരാമത്ത് വകുപ്പ് മുഖേന സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കുറിച്ചി, മാടപ്പള്ളി എന്നീ ഐ.റ്റി.ഐ.കളുടെ ഓഫീസ് പ്രവർത്തനങ്ങൾക്കായി കമ്പ്യൂട്ടർ, ഫോട്ടോകോപ്പിയർ, സ്മാർട്ട് ക്ലാസ്സ്, |

| | | | |
|---|---|---|---|
| | | | റൂമിലേക്കാവശ്യമായ ഫർണിച്ചർ എന്നിവ അനുവദിച്ചിട്ടുണ്ട്.<br><br>കുറിച്ചി, മാടപ്പള്ളി, നെടുങ്കാവ് വയൽ എന്നീ ഐ.റ്റി.ഐ.കളിൽ Public Addressing System സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ